Passed on 24-08-20

# 2020-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2020-2021 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2020-2021 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2020-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2020-2021 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും 2185,29,53,000 രൂപ നൽകൽ.—2020-2021 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം രണ്ടായിരത്തിഒരുന്നൂറ്റിഎൺപത്തി അഞ്ചുകോടി ഇരുപത്തിഒൻപത് ലക്ഷത്തി അൻപത്തി മൂവായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2020-2021 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

KNPP. 612/2020.

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത് (₹)* | *സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത് (₹)* | *ആകെ (₹)* |
| 1 | IV | തെരഞ്ഞെടുപ്പുകൾ | റവന്യൂ | 100,00,00,000 | .. | 100,00,00,000 |
| 2 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 25,01,000 | .. | 25,01,000 |
| 3 | XII | പോലീസ് | റവന്യൂ | 3,00,00,000 | .. | 3,00,00,000 |
| 4 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | .. | *11,25,000* | 11,25,000 |
| 5 | XVI | പെൻഷനും പലവകയും | റവന്യൂ | 3,000 | .. | 3,000 |
| 6 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ | 12,000 | .. | 12,000 |
| 7 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 75,00,05,000 | .. | 75,00,05,000 |
| 8 | XX | ശുദ്ധജല വിതരണവും ശുചീകരണവും | റവന്യൂ | 1,000 | .. | 1,000 |
| 9 | XXI | ഭവനനിർമ്മാണം | മൂലധനം | 1,000 | .. | 1,000 |
| 10 | XXII | നഗരവികസനം | മൂലധനം | .. | *6,66,69,000* | 6,66,69,000 |

| | | | | | | |
|---|---|---|---|---|---|---|
| 11 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | റവന്യൂ | 1,000 | .. | 1,000 |
| 12 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | മൂലധനം | 1,000 | .. | 1,000 |
| 13 | XXVII | സഹകരണം | റവന്യൂ | 2,000 | .. | 2,000 |
| 14 | XXIX | കൃഷി | റവന്യൂ | 2,000 | .. | 2,000 |
| | | | മൂലധനം | .. | *26,06,000* | 26,06,000 |
| 15 | XXX | ഭക്ഷ്യം | റവന്യൂ | 2,000 | .. | 2,000 |
| 16 | XXXI | മൃഗസംരക്ഷണം | റവന്യൂ | 1,000 | .. | 1,000 |
| 17 | XXXIII | മത്സ്യബന്ധനം | റവന്യൂ | 1,000 | .. | 1,000 |
| 18 | XXXV | പഞ്ചായത്ത് | റവന്യൂ | 5,000 | .. | 5,000 |
| 19 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 12,000 | .. | 12,000 |
| 20 | XXXVIII | ജലസേചനം | മൂലധനം | 1,000 | .. | 1,000 |
| 21 | XLII | വിനോദസഞ്ചാരം | റവന്യൂ | 2,000 | .. | 2,000 |
| 22 | XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 2000,00,00,000 | .. | 2000,00,00,000 |
| | | | ആകെ | **2178,25,53,000** | ***7,04,00,000*** | **2185,29,53,000** |